**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. * 87 — 30.06. 2015 ൽ മറുപടിക്ക്.

**മറുനാടൻ തൊഴിലാളികളുടെ വാസകേന്ദ്രങ്ങളിലെ പരിശോധന**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. കെ. ബഷീർ :<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :<br>ശ്രീ. എൻ. ഷംസുദ്ദീൻ :<br>ശ്രീ. പി. ബി. അബ്ദുൾ റസാക് : | ശ്രീ. ഷിബു ബേബി ജോൺ<br>തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി |
| (എ) മറുനാടൻ തൊഴിലാളികളുടെ വാസ കേന്ദ്രങ്ങളിലെ പരിശോധനയിലെ കണ്ടെത്തലുകൾ വിശദമാക്കുമോ; | (എ) മറുനാടൻ തൊഴിലാളികളുടെ വാസകേന്ദ്രങ്ങളിൽ നടത്തിയ പരിശോധനകളിൽ വൃത്തിഹീനവും വാസയോഗ്യമല്ലാത്ത തുമായ താമസ സ്ഥലങ്ങൾ, പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള അസൗകര്യങ്ങൾ, കുടിവെള്ള ദൗർലഭ്യത, മതിയായ താമസസൗകര്യം അനുവദിക്കാതിരിക്കുക തുടങ്ങിയ നിയമലംഘനങ്ങൾ കണ്ടെത്തിയിട്ടുണ്ട്. കൂടാതെ, സ്ഥലപരിമിതി കണക്കിലെടുക്കാതെ ഒരു മുറിയിൽ ഒന്നിലധികം കുടുംബങ്ങളെ ഒരുമിച്ച് താമസിപ്പിച്ച് വരുന്നതായും പ രിശോധനകളിൽ ക ണ്ടെത്തിയിട്ടുണ്ട്. |
| (ബി) കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ എന്തൊക്കെ പരിഹാര നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (ബി) പരിശോധനകളിൽ കണ്ടെത്തിയ നിയമലംഘനങ്ങളുടെ അടിസ്ഥാനത്തിൽ മറുനാടൻ തൊഴിലാളികൾക്കായി വൃത്തിയുള്ളതും വാസയോഗ്യവുമായ താമസസൗകര്യ ങ്ങ ൾ നൽകുന്നതിനും, ശുചിത്വമുള്ള ശൗചാലയങ്ങളും, കുടിവെള്ള സൗകര്യവും മറ്റ് പ്രാഥമിക സൗകര്യങ്ങളും തൊഴിലാളികൾക്കായി ഏർപ്പെടുത്തുന്നതി നും തൊഴിലുടമയ്ക്കും കരാറുകാരനും കർശന നിർദ്ദേശം നൽകിയിട്ടുമു ണ്ട്. |

കൂടാതെ മറുനാടൻ തൊഴിലാളികൾ വൃത്തിഹീനമായ പാർപ്പിടങ്ങളിൽ താമസിക്കുന്ന പക്ഷം ആ വിവരം ജില്ലാ മെഡിക്കൽ ഓഫീസറുടെ ശ്രദ്ധയിൽപ്പെടുത്തുന്നുമുണ്ട്.

പരിശോധനയിൽ കണ്ടെത്തുന്ന നിയമലംഘനങ്ങൾ പരിഹരിക്കുന്നതിനായി തൊഴിലുടമയ്ക്കും കരാറുകാരനും നൽകുന്ന നിർദ്ദേശം സമയബന്ധിതമായി പാലിക്കപ്പെടാത്ത സാഹചര്യത്തിൽ ടിയാൻമാർക്കെതിരെ പ്രോസിക്യൂഷൻ കേസ് ഫയൽ ചെയ്യുന്നതുൾപ്പെടെയുള്ള നിയമനടപടികളും സ്വീകരിച്ചുവരുന്നു.

(സി) ഈ കേന്ദ്രങ്ങളിലെ തൊഴിലാളികളുടെയും അടിസ്ഥാന സൗകര്യങ്ങളുടെയും സ്ഥിതി നിരീക്ഷിക്കാനും പരിഹാര നടപടികൾ സ്വീകരിക്കാനും സ്ഥിരം സംവിധാനം ഒരുക്കുന്ന കാര്യം പരിശോധിക്കുമോ ?

(സി) നിലവിലുള്ള സംവിധാനം ശക്തിപ്പെടുത്തുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

(ഒപ്പ്)

സെക്ഷൻ ആഫീസർ